**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6544** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ തീരദേശ ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള തീരദേശപാത നിർമ്മാണത്തിനായി 6500 കോടി രൂപ തത്വത്തിൽ ഭരണാനുമതി അനുവദിക്കുകയും, ആയത് 12.02.2021-ൽ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി റവന്യൂ വകുപ്പിൽ നിന്നും ഉത്തരവ് നൽകുകയും ചെയ്തു. ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അംഗീകരിച്ചിട്ടുള്ള അലൈൻമെന്റ് പ്രകാരം അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. നിലവിൽ ടി പദ്ധതിക്കുവേണ്ടി റവന്യൂ വകുപ്പിൽ നിന്നും സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി ആരംഭിക്കുകയും സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായി 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിനുവേണ്ടിയുള്ള ഡാറ്റ കളക്ഷനും കൂടാതെ, ഇതിന്റെ ഭാഗമായുള്ള പബ്ലിക്ക് ഹിയറിംങ്ങും പൂർത്തിയായിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ